പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2171

11/02/2020 ൽ മറുപടി നല്കേണ്ടത്.

## ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്ന പച്ചക്കറികളിലും മത്സ്യ മാംസാദികളിലും വലിയ തോതിൽ ശരീരത്തിന് ഹാനികരമാകുന്ന വിഷവസ്തുക്കൾ അടങ്ങിയിട്ടുണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്ന പച്ചക്കറികളിലും മത്സ്യ മാംസാദികളിലും അനുവദനീയമായ അളവിൽ കൂടുതൽ രാസപദാർത്ഥങ്ങൾ അടങ്ങിയിട്ടുന്നെ മാധ്യമ വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) ഇവ പരിശോധിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും വിഷവസ്തുക്കൾ അടങ്ങിയവ കണ്ടെത്തി നശിപ്പിക്കുന്നതിനും അവ കൊണ്ടുവരുന്നവർക്കെതിരെ കർശന നടപടി എടുക്കുന്നതിനും സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുൾപ്പെടെ മാർക്കറ്റിൽ ലഭ്യമായ പച്ചക്കറികളുടെയും മത്സ്യത്തിന്റെയും സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. ഉൽസവ വേളകളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെ പരിശോധനകൾ നടത്തുന്നുണ്ട്. ടി പരിശോധനകളിൽ ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തുന്ന സാഹചര്യങ്ങളിൽ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ . പ്രകാരമുള്ള പ്രോസിക്യൂഷൻ/ അഡ്ജ്യൂഡിക്കേഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ച് |

വരുന്നു.

അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വരുന്ന മത്സ്യം ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തി രാസപദാർത്ഥത്തിന്റെ സാന്നിദ്ധ്യം ഉള്ളതായോ കേടായതായോ കണ്ടെത്തുന്ന പക്ഷം അത് തിരിച്ചയക്കുകയോ പിടിച്ചെടുത്ത് നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്.

(സി) കൂടുതൽ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അതിർത്തി ചെക്ക് പോസ്റ്റുകളിൽ കർശന സുരക്ഷാ പരിശോധന നടത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്ക് പുറമേ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും മറ്റ് ഉത്സവ സീസണുകളിലും ചെക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് കൂടുതൽ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ